# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5184** | **22/5/2017** - ൽ മറുപടിക്ക്

## കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ. കെ.രാജൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണ മേഖലകളിലും മറ്റും ടാങ്കർ ലോറികൾ മുഖേന കുടിവെള്ളം എന്ന വ്യാജേന മലിനമായ ജലം വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇത് സംബന്ധിച്ച് പത്രവാർത്തകൾ ഉണ്ടായിട്ടുണ്ട്. |
| (ബി) ജലവിതരണത്തിന് ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ജലമലിനീകരണമില്ല എന്ന് ഉറപ്പുവരുത്തുന്നതിന് അവലംബിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ; | (ബി) വെള്ളത്തിലെ ഭൗതിക, രാസ, ജൈവ ഘടകങ്ങളുടെ സാന്നിദ്ധ്യം കുടിവെള്ളത്തിന് അനുവദനീയമായ തോതിൽ സാധാരണ ശുദ്ധീകരണ പ്രകിയകളിലൂടെ ശുദ്ധീകരിക്കാവുന്ന വെള്ളം ഉള്ള സ്രോതസ്സുകളാണ് ജല അതോറിറ്റി ശുദ്ധ ജല വിതരണ പദ്ധതികൾക്ക് തെരഞ്ഞെടുക്കുന്നത്. ഈ ജലം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് ജല അതോറിറ്റി വിതരണം ചെയ്യുന്നത്. ജല ശുദ്ധീകരണശാലകളോട് അനുബന്ധിച്ചുള്ള ലാബുകളിലും ഗുണനിലവാര നിയന്ത്രണ സംവിധാനത്തിന്റെ ജില്ലാതല ലാബുകളിലും വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജല സാമ്പിളുകൾ നിശ്ചിത കാലയളവിൽ പരിശോധന നടത്തി ഭൗതിക രാസ ജൈവ മാലിന്യങ്ങളുടെ സാന്നിദ്ധ്യം പരിധിക്കുള്ളിലാണെന്ന് ഉറപ്പ് വരുത്തുന്നു. |
| (സി) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുമോ; ടാങ്കർ ലോറിയിലൂടെയുള്ള ജലവിതരണം പരമാവധി ഈ കിയോസ്കുകളിലേക്ക് പരിമിതപ്പെടുത്തുമോ? | (സി) തഹസീൽദാർമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ചാണ് കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിക്കുന്നത്. കിയോസ്കുകളിൽ കൂടി വിതരണം ചെയ്യാനുള്ള കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ